തൃശൂരിലെ ഒല്ലൂരിൽ പണ്ടൊരു സ്കൂൾ ബസുണ്ടായിരുന്നു. രാവിലെയും വൈകീട്ടുമുള്ള യാത്രകളിൽ കുട്ടികളുടെ കലപിലകൾക്കു പകരം ലജ്ജാവതി പോലത്തെ 'അടിപൊളി' പാട്ടുകളാൽ മുഖരിതമായിരുന്ന ഒരു സ്കൂൾ ബസ്. ഒരു നാലാം ക്ലാസുകാരന്റെ നേതൃത്വത്തിലായിരുന്നു അന്നാ ബസിൽ 'ഗാനമേള'കൾ അരങ്ങേറിയിരുന്നത്. വളർന്നു വലുതായപ്പോൾ ബാൻഡുകളിലും സിനിമകളിലും സാന്നിധ്യമറിയിച്ച ആ ഗായകനെ നമുക്ക് ഈ ദളത്തിൽ പരിചയപ്പെടാം.

ജോബൽ റോയ്
ഫെഡറൽ ബാങ്ക്
അഗ്രി ബിസിനസ് ഡിപ്പാർട്ട്മെന്റ്

ലൈഫ് സ്കിൽ കോച്ച് ആയ ശ്രീ റോയ് ഫ്രാൻസിസിന്റേയും കേന്ദ്ര സർക്കാർ ജീവനക്കാരിയായ ശ്രീമതി ജാക്വിലിന്റേയും മകനായി തൃശൂരിലെ ഒല്ലൂരിലാണ് ജോബലിന്റെ ജനനം. തൃശൂരിലെ പൂച്ചാട്ടിയിലുള്ള ഭാരതീയ വിദ്യാഭവൻസ് വിദ്യാ മന്ദിറിൽ ആയിരുന്നു പ്ലസ്ടു വരെയുള്ള ജോബലിന്റെ വിദ്യാഭ്യാസം.

കുട്ടിക്കാലം മുതൽ തന്നെ മാതാപിതാക്കൾ പാടുന്നതും മുത്തച്ഛൻ പുല്ലാങ്കുഴൽ ആലപിക്കുന്നതും കണ്ടുവളർന്ന ജോബലിന് സംഗീതം പുത്തരിയല്ലായിരുന്നു. അതുകൊണ്ടുതന്നെ, പാടാനുള്ള കഴിവു മാത്രമല്ല വേദിയിൽ കയറി പാടാനുള്ള ആത്മവിശ്വാസവും ജോബലിന് ചെറുപ്പം മുതൽക്കു തന്നെ സഹജമായിരുന്നു. വേദി സൃഷ്ടിക്കുന്ന സംഭ്രമം അതിജീവിക്കാനുള്ള കരുത്ത് കൂടപ്പിറപ്പായിരുന്നു എന്നതിനാൽ പാടാനുള്ള അവസരങ്ങൾ എൽ പി സ്കൂൾ തലം മുതൽക്കു തന്നെ ജോബലിനെ തേടി എത്താൻ തുടങ്ങി.
തുടക്കത്തിൽ സൂചിപ്പിച്ചതു പ്രകാരമുള്ള, ഒല്ലൂരിലെ വസതിയിൽ നിന്ന് സ്കൂളിലേയ്ക്കുള്ള ഏകദേശം അരമണിക്കൂറോളം എടുക്കുമായിരുന്ന ബസ് യാത്രയ്ക്കിടയിലെ 'ഗാനമേള'കളിലൂടെയാണ് കുട്ടികൾക്കിടയിലും സ്കൂളിലും ഒരു ഗായകൻ എന്ന് ജോബൽ അറിയപ്പെടാൻ തുടങ്ങിയത്.

തുടർന്ന് ഏഴാം ക്ലാസിൽ പഠിക്കുമ്പോഴാണ് ജോബലിന്റെയുള്ളിലെ ഗായകന് 'മുറിവേൽക്കുന്ന ആ സംഭവം' അരങ്ങേറുന്നത്.

സ്കൂളിലെ പ്രധാന ഗായകൻ എന്ന അംഗീകാരമുള്ളതിനാൽ, തന്നെയും പാടാൻ അനുവദിക്കും എന്ന ആത്മവിശ്വാസത്തിലാണ് പള്ളിയിലെ കൊയറിന്റെ ആഭിമുഖ്യത്തിൽ നടന്ന ഒരു സംഗീതപരിപാടിയ്ക്കിടെ ജോബൽ പാടാനുള്ള അവസരം ചോദിച്ചത്. പക്ഷേ പാടാൻ അനുവദിച്ചില്ല എന്നു മാത്രമല്ല, സംഘാടകർ ഇറക്കിവിട്ടതായിപ്പോലും ജോബലിന് അനുഭവപ്പെട്ടു.

പാടാനുള്ള തന്റെ കഴിവിനെ സംഘാടകർ സംശയിച്ചതായി

തോന്നിയതിനെ തുടർന്ന്, ഒരു വിനോദമെന്ന നിലയ്ക്കു മാത്രം കണ്ടുകൊണ്ടിരുന്ന ഗാനാലാപനത്തെ ജോബൽ ഒരു ഉപാസനയായി സ്വീകരിച്ചു.

തുടർന്ന്, സംഗീതം അഭ്യസിക്കുക എന്ന ലക്ഷ്യത്തോടെ ഗന്ധർവസംഗീതം റിയാലിറ്റി ഷോയിലെ ജേതാവും പ്രശസ്ത സിനിമാ പിന്നണിഗായകനും നാട്ടുകാരനുമായ അമൽ ആന്റണിയെ ജോബൽ സമീപിക്കുന്നു. എന്നാൽ, നേരിട്ടു പഠിപ്പിക്കുന്നതിനു പകരം, തൃശൂരിലുള്ള ചേതന മ്യൂസിക് അക്കാദമി എന്നൊരു സ്ഥാപനത്തിലേക്ക് ജോബലിനെ കൂട്ടിക്കൊണ്ടുപോവുകയാണ് അമൽ ആന്റണി ചെയ്തത്.

തന്റെ സംഗീതജീവിതത്തിലെ പ്രധാനപ്പെട്ട വഴിത്തിരിവായിട്ടാണ് ചേതനയിലേക്കുള്ള പ്രവേശത്തെ ജോബൽ നോക്കിക്കാണുന്നത്. ഫാ. തോമസ് ചക്കാലമറ്റത്ത് ആയിരുന്നു അക്കാദമിയുടെ ഡയറക്ടർ. അദ്ദേഹം ജോബലിന് ഒത്തിരി പ്രോത്സാഹനം നൽകി. ഇന്നു സംഗീതരംഗത്ത് വളരെ പ്രശസ്തരായ സ്റ്റീഫൻ ദേവസി, ഫ്രാങ്കോ തുടങ്ങിയവർ അന്ന് അക്കാദമിലെ നിത്യ സാന്നിധ്യമായിരുന്നു.

അദ്ഭുതകരമായിരുന്നു പിന്നീടങ്ങോട്ട് സംഗീതരംഗത്ത് ജോബൽ കൈവരിച്ച നേട്ടങ്ങൾ !

ദക്ഷിണേന്ത്യാടിസ്ഥാനത്തിൽ നടന്ന ഭവൻസ് ഫെസ്റ്റിൽ ലളിതഗാനത്തിനു ലഭിച്ച മൂന്നാം സ്ഥാനമുൾപ്പെടെ സംഘഗാനത്തിലും സോളോ അവതരണത്തിലും സ്കൂൾ- കോളേജ് തലത്തിൽ ഒട്ടേറെ പുരസ്കാരങ്ങൾ ജോബലിനു നേടാനായി.

തുടർന്ന് കൊടകരയിലെ സഹൃദയ കോളേജിൽ പഠിക്കുന്ന കാലയളവിലെ കാലിക്കറ്റ് സർവകലാശാലാ യുവജനോത്സവത്തിലും വെസ്റ്റേൺ സോളോയിൽ ഒന്നാം സ്ഥാനം, ലളിതഗാനത്തിൽ രണ്ടാം സ്ഥാനം ഉൾപ്പെടെ നിരവധി പുരസ്കാരങ്ങൾ ജോബലിനെ തേടിയെത്തി.

ഇതിനിടെ, ഒരിക്കൽ ‘ഇറക്കിവിട്ട’ കൊയർ ഗ്രൂപ്പിൽ ഗായകനായി രംഗപ്രവേശം ചെയ്യാനും ജോബലിന് സാധിച്ചിരുന്നു. പള്ളികളുമായി ബന്ധപ്പെട്ടു നടന്ന ഒട്ടേറെ ചടങ്ങുകളിൽ കൊയർ ഗാനമാലപിക്കാനും തുടർന്ന് ഗായകരെ പരിശീലിപ്പിക്കാനുമുള്ള അവസരവും ജോബലിനു ലഭിച്ചു.

സംഗീതസംവിധായകനായ ശ്രീവൽസൻ ജെ മേനോൻ സംഗീതം പകർന്ന ലോഹം ഉൾപ്പെടെയുള്ള ചലച്ചിത്രങ്ങളിൽ കോറൽ ഗാനമാലപിക്കുന്നതിനുള്ള അവസരവും ജോബലിനു ലഭിച്ചത് ചേതനയിലൂടെയായിരുന്നു.

സംഗീതരംഗത്തെ പ്രമുഖരായ ഔസേപ്പച്ചൻ, മോഹൻ സിതാര, സ്റ്റീഫൻ ദേവസി, അൽഫോൻസ്, ഫ്രാങ്കോ തുടങ്ങിയവരുമായി പരിചയപ്പെടാൻ സാധിച്ചു എന്നതിനു പുറമെ പലരുടേയും ബാൻഡുകളിലും മറ്റും സഹകരിക്കാനുള്ള അവസരവും ജോബലിന് ഇക്കാലയളവിൽ ലഭിക്കുകയുണ്ടായി.

പ്രസ്തുത സുഹൃദ്ബന്ധങ്ങളെ സിനിമയിലും മറ്റും കൂടുതൽ ഗാനങ്ങൾ ലഭിക്കാനുള്ള അവസരമാക്കുന്നതിനു പകരം, സംഗീതത്തെ കൂടുതൽ അടുത്തറിയാനുള്ള സുവർണാവസരമായി കാണാനാണ് ജോബൽ തീരുമാനിച്ചത്.

പ്ലസ്ടു തലത്തിൽ സയൻസ് പഠിച്ച ജോബൽ, സംഗീതഭാഷയിൽ പറഞ്ഞാൽ കട്ടയൊന്നു മാറ്റിപ്പിടിച്ച് ബിരുദ തലത്തിൽ കൊമേഴ്സിനാണു ചേർന്നത്. ബിരുദാനന്തരബിരുദ പഠനത്തിനും ജോബൽ കട്ട മാറ്റിപ്പിടിക്കൽ ആവർത്തിച്ചു. അഗ്രി ബിസിനസ് മാനേജ്മെന്റിലാണ് ജോബൽ ബിരുദാനന്തരബിരുദമെടുത്തത്.

പുണെയിലെ അഗ്രി ബിസിനസ് മാനേജ്മെന്റ് പഠനകാലയളവിലും ഗാനാലാപാനരംഗത്ത് ഒട്ടേറെ സമ്മാനങ്ങൾ ജോബൽ നേടുകയുണ്ടായി.

തുടർന്ന് 2019 ജൂണിൽ ജോബൽ ഫെഡറൽ ബാങ്കിൽ ഓഫീസറായി ഔദ്യോഗിക ജീവിതം ആരംഭിക്കുന്നു. കർണാടകയിലെ ഹാസനിൽ ആയിരുന്നു ആദ്യ നിയമനം. നിലവിൽ ഫെഡറൽ ബാങ്കിന്റെ അഗ്രി ബിസിനസ് ഡിപ്പാർട്ട്മെന്റിലാണ് ജോബൽ.

ഇതുവരെ ശാസ്ത്രീയമായി സംഗീതം അഭ്യസിച്ചിട്ടില്ലാത്ത ജോബലിന് പക്ഷേ സംഗീതം മാത്രമല്ല, ഗിറ്റാറും കീബോർഡും വഴങ്ങും. യൂട്യൂബിന്റേയും മറ്റും സഹായത്താലാണ് ജോബൽ ഇവയൊക്കെ അഭ്യസിച്ചത്.

നല്ലൊരു ഗിറ്റാർ വാദകനായ ജോബൽ കരോക്കെ ഉപയോഗിച്ചുള്ള ഗാനാലാപനത്തിനോട് പൊതുവെ വിമുഖത കാട്ടാറുണ്ട് എന്ന് പറയുകയുണ്ടായി. ഗിറ്റാർ വായിച്ചുകൊണ്ട് പാടുന്നതിന്റെ വെല്ലുവിളിയും ‘ത്രില്ലും’ കരോക്കെ ഉപയോഗിച്ച് പാടുമ്പോൾ ലഭിക്കില്ല എന്നതാണ് ഇതിനുള്ള കാരണമായി ജോബൽ വിശദീകരിച്ചത്.

ഗിറ്റാർ ഉപയോഗിച്ചുകൊണ്ട് ജോബൽ തീർക്കുന്ന വിസ്മയങ്ങൾ ഇൻസ്റ്റാഗ്രാമിൽ ഒത്തിരി അഭിനന്ദനങ്ങൾ വാരിക്കൂട്ടുന്നുണ്ട് എന്നതും പറയട്ടെ.

പാട്ട് തനിക്ക് ശ്വാസം തന്നെയാണെന്നാണ് ആവർത്തിച്ചു പറഞ്ഞ ജോബലിനോട് സിനിമയിൽ പാടുന്നതാണോ സ്വപ്നം എന്നു

ചോദിച്ചപ്പോൾ, പാടുക എന്നതിനെക്കാൾ ഇപ്പോഴത്തെ ആഗ്രഹം മലയാളത്തിലെ പഴയ പാട്ടുകളെ അറിയുക, പാട്ടിന്റെ ഓരോ ഭാവങ്ങളും ആസ്വദിക്കുക, എന്നും മറ്റുമുള്ള ദാർശനികരസമുള്ള മറുപടികളാണു ലഭിച്ചത്. സിനിമയിലേക്കുള്ള കാൽവെപ്പും മറ്റും പിന്നീടു മതിയത്രെ.

'എങ്കിൽ പിന്നെ ജയചന്ദ്രന്റെ ഗാനങ്ങളെ നെഞ്ചിലേറ്റി നടക്കുന്ന നിങ്ങളുടെ കീ ബോർഡ് പഠനം ഒരു സംഗീതസംവിധായകനാവാനുള്ള ചുവടുവയ്പിന്റെ തുടക്കമല്ലേ?' എന്ന അന്വേഷണാത്മകമായ ചോദ്യത്തെ 'നിൻ മണിയറയിലെ നിർമല ശയ്യയിലെ നീലനിരാളമായ് ഞാൻ മാറിയെങ്കിൽ' എന്ന ഗാനമാലപിച്ചുകൊണ്ടാണ് ജോബൽ പ്രതിരോധിച്ചത്.

എല്ലാ ചോദ്യങ്ങൾക്കും ഉടനടി തന്നെ ഉത്തരം ലഭിക്കണമെന്ന് ഒരു അഭിമുഖകാരൻ നിർബന്ധം പിടിക്കാൻ പാടില്ലല്ലോ. പക്ഷേ, ഈ ചെറുപ്പക്കാരന്റെ ഉള്ളിലുണ്ടെന്നു ബോധ്യം വന്ന സംഗീതത്തോടുള്ള തീക്ഷ്ണമായ പ്രണയം എനിക്കു തന്ന മറുപടി എന്താണെന്നോ, നാളെ പ്രശസ്തനാവാൻ പോവുന്ന ഒരു ഗായക-സംഗീതസംവിധായകനുമായാണ് ഞാൻ ഇത്രനേരം സംവദിച്ചതെന്ന് !

ടെലഫോൺ മുഖേനയുള്ള അഭിമുഖം അവസാനിപ്പിക്കുന്നതിനു മുൻപായി, സംഗീതത്തെക്കുറിച്ച് കൂടുതൽ അറിഞ്ഞതിനുശേഷം മാത്രമേ താൻ സംഗീതസംവിധാനരംഗത്തെക്കുറിച്ച് ചിന്തിക്കുകയുള്ളൂ എന്നു ജോബൽ പറയുകയുണ്ടായി. സംഗീതത്തെ ജോബൽ എത്രമാത്രം ആത്മാർഥതയോടെയാണു സമീപിക്കുന്നതെന്ന് മനസിലായ മുഹൂർത്തമായിരുന്നു അതെന്നു പറയാതെ വയ്യ.

ജോലി ലഭിച്ച് രണ്ടുവർഷത്തിലേറെയായെങ്കിലും ജോബൽ ഇപ്പോഴും 'ഒറ്റാംതടി'യാണ് എന്നതും എടുത്തുപറയേണ്ട വിഷയമാണ്.

'പ്രായമാവാത്തതിനാൽ' വിവാഹത്തെക്കുറിച്ച് ചിന്തിക്കാൻ തുടങ്ങിയിട്ടില്ലെന്നാണ് വിവാഹത്തെക്കുറിച്ചു ചോദിച്ചപ്പോൾ ജോബൽ പറഞ്ഞത്. എങ്കിൽ പിന്നെ, 'പ്രായമാവുമ്പോൾ' തന്റെ മനസിനിണങ്ങിയ ഒരു ജീവിതസഖിയെ തന്നെ ജോബലിനു ലഭിക്കട്ടെ എന്ന് ആശംസിക്കുന്നു.

കൂടാതെ, ആഗ്രഹം പോലെ തന്നെ കഴിയും വേഗം മലയാള സിനിമാഗാനശാഖയിൽ നല്ല വ്യുത്പത്തി നേടാനും സംഗീതപ്രേമികൾക്ക് മികച്ച ഗാനങ്ങൾ നൽകാനും ജോബലിനു സാധിക്കട്ടെ എന്നു കൂടി ആശംസിക്കുന്നു.

---

തയ്യാറാക്കിയത് : അമിത് കുമാർ, ഫെഡറൽ ബാങ്ക്, ഹെഡ്ഓഫീസ്, ആലുവ

English version: Arya Gayathry, State Bank of India, Pallickal Branch

അവതരണം : സ്വപ്നരാജ് (Swapna Raj), സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ, അരക്കിണർ മീഞ്ചന്ത ബ്രാഞ്ച്, കോഴിക്കോട്

-----------------------------------------------------------------------------------------------

There was once a school bus that rang with the popular songs of the time like “lajjavathi...” in place of the usual jabber. The fourth standard student who led the ‘school van music troupe’ grew up to be a part of popular musical bands and movies.

Jobel Roy
Federal Bank
Agri Business Department

Jobel is the son of life skills coach Sri. Roy Francis and Central Government employee Smt. Jaquiline belonging to Ollur, Thrissur. He did his schooling from Bharathiya Vidya Bhavan's Vidya Mandir,Poochatty, Thrissur.

Music was part of his soul from the beginning, as he grew listening to his parents sing and his grandfather play flute. Thus not only could he sing but could also perform confidently on a stage. Hence opportunities came knocking at his door from as early as his L.P. School life.

Jobel was popular in his school bus and school as an entertaining singer. But the singer in him was hurt while he was in the 7th grade. With the confidence that he was popularly considered as one of the best singers in his school, he requested to be part of a musical event arranged by the Church choir. Not only was he rejected but he also felt he was literally thrown out. With the thought that the organisers doubted his singing ability, he decided to take his passion seriously rather than singing just for fun.

And for this, he approached Amal Antony, a Gandharvasangeetham reality show winner and a playback singer belonging to his place.
He in turn took Jobel to Chethana Music Academy in Thrissur.

This was a turning point in his life. Fr.Thomas Chakkalamattathu was the Academy director. He encouraged Jobel to improve upon his innate talent. The well known musicians like Stephen Devassy and Franco were regulars at the Academy. From thereon, Jobel’s achievements were mesmerising.

He won numerous prizes in the school and college levels for solo and group music competitions including being third in the Bhavan’s fest in the South Indian category, winning first prize in Western solo music and second prize in Light music category in the Calicut University Youth Festival while he studied in the Kodakara Sahrudaya College.

By this time he became part of the choir group that led him to take music seriously, performing

choir songs in various events and training other singers.

It is through Chethana that he got opportunities to sing coral songs in movies like 'loham' whose music director was Sreevalsan J Menon. He not only could get close to renowned musicians like Ouseppachan, Mohan Sithara, Stephen Devassy, Alphonse and Franco but also chanced to be part of their bands. Yet, instead of taking advantage of these friendships and gaining opportunities to sing for more movies, he decided to learn from each of them.

He took Science stream for +2, commerce for graduation and agri business management for post graduation. He won a lot of prizes for music while doing post graduation in Pune.

In 2019, he joined Federal bank as an officer and his first posting was in Hassan, Karnataka. At present he is working in the agri business department of the bank.

Though he has not learned Carnatic music, he is an expert in vocal and instrumental music like guitar and keyboard which he learned through YouTube tutorials.

Jobel doesn't prefer singing with a karaoke. The challenge and thrill of signing and playing guitar simultaneously can never be felt in a karaoke, says he. His musical posts in the Instagram are appreciated by all.

Jobel reiterates that music is his life sustaining air... he now intends to study old songs in Malayalam, dissecting and enjoying the beats and emotions involved in them rather than leaping into new movie songs and projects.

While talking to this young singer, you can feel music reverberating through his soul... definitely evidencing that he is going to be a great musician and a brilliant music composer. His dedication to music is tremendous.

Jobel feels it is yet too early to think about marriage. As the saying goes, "There's always a right time for everything. Sometimes you have to make it, but sometimes, you just need to wait for it." – Wilson Kanadi

We wish Jobel all success and to be a great singer - music composer as he desires. Let's all wait for the melodious songs he would gift us with...